# കേരള സർവകലാശാല

നം.പി.ആർ.165/2018 ഫോൺ : 2305738

## പത്രക്കുറിപ്പ്

### സർട്ടിഫിക്കറ്റ് ഇൻ യോഗാ ആന്റ് മെഡിറ്റേഷൻ ഈവനിംഗ് ബാച്ച് – പ്രവേശനം

തുടർ വിദ്യാഭ്യാസ വ്യാപന കേന്ദ്രം നടത്തുന്ന സർട്ടിഫിക്കറ്റ് ഇൻ യോഗാ ആന്റ് മെഡിറ്റേഷൻ ഈവനിംഗ് കോഴ്സിന് ജൂലൈ 30 വരെ അപേക്ഷിക്കാം. യോഗ്യത: പ്ലസ്ടു/പ്രീഡിഗ്രി ഫീസ്: 6000 രൂപ അപേക്ഷ ഫീസ്: 100 രൂപ ക്ലാസുകൾ: തിങ്കൾ മുതൽ ശനി വരെ സമയം: വൈകുന്നേരം 5 മണി മുതൽ 7 മണി വരെ വിശദവിവരങ്ങൾക്ക് പി.എം.ജി ജംഗ്ഷനിലെ (CACEE) ഓഫീസുമായി ബന്ധപ്പെടുക. ഫോൺ:0471–2302523

### പി.ജി ഡിപ്ലോമ ഇൻ യോഗാ തെറാപ്പി പരീക്ഷ

തുടർ വിദ്യാഭ്യാസ വ്യാപന കേന്ദ്രം (CACEE) നടത്തുന്ന പി.ജി.ഡിപ്ലോമ ഇൻ യോഗാ തെറാപ്പി പരീക്ഷ ഒക്ടോബർ 3 മുതൽ 26 വരെ നടത്തുന്നതാണ്. പ്രോജക്ട് റിപ്പോർട്ട് പിഴ കൂടാതെ സെപ്റ്റംബർ 8, 100 രൂപ പിഴയോടെ സെപ്റ്റംബർ 15 വരെ ഓഫീസിൽ സമർപ്പിയ്ക്കാം. കേസ് ഹിസ്റ്ററി, ബ്ലോക്ക് പ്ലേസ്മെന്റ് റിപ്പോർട്ട് ആന്റ് റിക്കാർഡ്സ് പിഴ കൂടാതെ ആഗസ്റ്റ് 10, 100 രൂപ പിഴയോടെ ആഗസ്റ്റ് 17 വരെയും സമർപ്പിയ്ക്കാം. പരീക്ഷാഫീസ് 1320 രൂപ പിഴ കൂടാതെ ആഗസ്റ്റ് 30 വരെയും 50 രൂപ പിഴയോടെ സെപ്റ്റംബർ 6 വരെയും 250 രൂപ പിഴയോടെ സെപ്റ്റംബർ 13 വരെയും അപേക്ഷിക്കാം.

### പരീക്ഷാ കേന്ദ്രം മാറ്റം

എസ്.ഡി കോളേജ് ആലപ്പുഴയിൽ നിന്നും സെന്റ് ജോസഫ് കോളേജ് ആലപ്പുഴയിലേക്ക് പരീക്ഷാ കേന്ദ്രം മാറ്റിയിരുന്ന ബി.എ (ആന്വൽ സ്കീം) ഹിസ്റ്ററി, സോഷ്യോളജി മെയിൻ വിദ്യാർത്ഥിനികളും സെന്റ് ജോസഫ് കോളേജ് പരീക്ഷാ കേന്ദ്രമായി അപേക്ഷിച്ച എല്ലാ വിദ്യാർത്ഥികളും ജൂലൈ 25 ലെ പാർട്ട് രണ്ട്, പേപ്പർ മൂന്ന് പരീക്ഷ മാത്രം എസ്.ഡി കോളേജ് ആലപ്പുഴയിൽ എഴുതേണ്ടതാണ്.

### ടൈംടേബിൾ

ബാച്ചിലർ ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് ടെക്നോളജിയുടെ (ബി.എച്ച്.എം) ആറാം സെമസ്റ്റർ (2011 – സ്കീം – സപ്ലിമെന്ററി, 2006 – സ്കീം – മേഴ്സി ചാൻസ്) പരീക്ഷകൾ ജൂലൈ 24 ന് ആരംഭിക്കും. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

വിദൂര വിദ്യാഭ്യാസ വിഭാഗം 2018 ജൂലൈ 24 മുതൽ നടത്താനിരുന്ന ബി.എ/ബി.എസ്.സി ഒന്നും രണ്ടും സെമസ്റ്റർ പരീക്ഷകൾ ജൂലൈ 31 മുതൽ ആരംഭിക്കുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

ജൂലൈ 2018 ന് നടക്കുന്ന നാലാം സെമസ്റ്റർ എം.സി.എ 2015 സ്കീം (റെഗുലർ & സപ്ലിമെന്ററി) പരീക്ഷാ ടൈംടേബിൾ വെബ്സൈറ്റിൽ.

## സൂക്ഷ്മപരിശോധന

2017 ഒക്ടോബറിൽ നടത്തിയ രണ്ടും നാലും സെമസ്റ്റർ ബി.സി.എ (2010 സ്കീം) ഡിഗ്രി പരീക്ഷയുടെ ഉത്തരക്കടലാസുകളുടെ സൂക്ഷ്മപരിശോധന ജൂലൈ 23 മുതൽ 30 വരെയുള്ള പ്രവൃത്തി ദിവസങ്ങളിൽ ഹാൾ ടിക്കറ്റ്/ഐ.ഡി കാർഡുമായി പുനർമൂല്യനിർണ്ണയ വിഭാഗമായ ഇ.ജെ III ൽ എത്തിച്ചേരേണ്ടതാണ്.

2017 ജൂലൈയിൽ നടന്ന ഒന്നാം സെമസ്റ്റർ ബി.എ/ബി.കോം/ബി.ബി.എ എൽ.എൽ.ബി ഇന്റഗ്രേറ്റഡ് പരീക്ഷയുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷിച്ചവർ തിരിച്ചറിയൽ കാർഡും ഹാൾ ടിക്കറ്റുമായി ജൂലൈ 23 മുതൽ 30 വരെയുള്ള പ്രവർത്തി ദിവസങ്ങളിൽ പുനർമൂല്യനിർണയ വിഭാഗത്തിൽ (ഇ.ജെ I സെക്ഷൻ) എത്തിച്ചേരേണ്ടതാണ്.

## പുതുക്കിയ പരീക്ഷാ തീയതി

ജൂലൈ 18 ന് നടത്താനിരുന്ന ഒന്നാം സെമസ്റ്റർ ഫൈവ് ഇയർ ഇന്റഗ്രേറ്റഡ് എം.ബി.എ/ബി.എം.എം.എ.എം (ഫിനാൻഷ്യൽ അക്കൗണ്ടിംഗ്), ഒന്നാം സെമസ്റ്റർ ഡിപ്ലോമ ഇൻ ട്രാൻസിലേഷൻ സ്റ്റഡീസ് (സ്പെസിഫിക് ലാംഗ്വേജ് (ഇലക്ടീവ്) ഹിന്ദി) പരീക്ഷകൾ ജൂലൈ 25 ലേക്കും മൂന്നാം സെമസ്റ്റർ എം.എസ്.സി കമ്പ്യൂട്ടർ സയൻസ് (അഡ്വാൻസ്ഡ് ആർട്ടിഫിഷ്യൽ ഇന്റലിജൻസ്) ഡിഗ്രി പരീക്ഷ ജൂലൈ 26 ലേക്കും ഏഴാം സെമസ്റ്റർ ബി.ടെക്ക് (2008 സ്കീം – സപ്ലിമെന്ററി) പരീക്ഷ ജൂലൈ 27 ലേക്കും, രണ്ടാം വർഷ ബി.എ/ബി.എസ്.സി (ആന്വൽ സ്കീം) (പാർട്ട് – I ഇംഗ്ലീഷ് – പേപ്പർ II ഡ്രാമ ആന്റ് പൊയട്രി) ഡിഗ്രി പരീക്ഷ ആഗസ്റ്റ് 2 ലേക്കും ഒൻപതാം സെമസ്റ്റർ ബി.ആർക്ക് (2008 സ്കീം – സപ്ലിമെന്ററി) (ഇലക്ടീവ് III ) ഡിഗ്രി പരീക്ഷ ആഗസ്റ്റ് 3 ലേക്കും, നാലാം സെമസ്റ്റർ ബി.എ/ബി.എസ്.സി/ബി.കോം സി.ബി.സി.എസ്.എസ് ഡിഗ്രി പരീക്ഷ (കരിയർ റിലേറ്റഡ് ഉൾപ്പെടെ) ആഗസ്റ്റ് 6 ലേക്കും, ഒന്നാം സെമസ്റ്റർ ബി.എസ്.സി (കമ്പ്യൂട്ടർ സയൻസ്)/ബി.സി.എ (എസ്.ഡി.ഇ – 2017 അഡ്മിഷൻ) (സ്പീക്കിംഗ് ആന്റ് ലിസണിംഗ് സ്കിൽ) ഡിഗ്രി പരീക്ഷ ആഗസ്റ്റ് 10 ലേക്കും മാറ്റിയിരിക്കുന്നു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

2018 ജൂലൈ 24 ന് ആരംഭിക്കാൻ നിശ്ചയിച്ചിരുന്ന ഒന്നാം സെമസ്റ്റർ ബി.കോം ഡിഗ്രി (എസ്.ഡി.ഇ) പരീക്ഷ ജൂലൈ 31 മുതൽ ആരംഭിക്കുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പരീക്ഷാഫീസ്

ആഗസ്റ്റ് 13 ന് ആരംഭിക്കുന്ന രണ്ടാം സെമസ്റ്റർ ബി.എ/ബി.എസ്.സി/ബി.കോം സി.ബി.സി.എസ്.എസ് (കരിയർ റിലേറ്റഡ് ഉൾപ്പെടെ) ഡിഗ്രി പരീക്ഷകളുടെ ഫീസ് അടയ്ക്കുന്നതിനുള്ള തീയതികൾ പുതുക്കി നിശ്ചയിച്ചിരിക്കുന്നു. പിഴ കൂടാതെ ജൂലൈ 25 വരെയും, 50 രൂപ പിഴയോടെ ജൂലൈ 27 വരെയും 125 രൂപ പിഴയോടെ ജൂലൈ 28 വരെയും അപേക്ഷിക്കാം.

ഏഴാം സെമസ്റ്റർ ബി.ടെക് 2013 സ്കീം ഇംപ്രൂവ്ഡ്/സപ്ലിമെന്ററി പരീക്ഷയ്ക്ക് പിഴ കൂടാതെ ജൂലൈ 28 വരെയും 50 രൂപ പിഴയോടെ ജൂലൈ 31 വരെയും 125 രൂപ പിഴയോടെ

ആഗസ്റ്റ് 2 വരെയും ഓൺലൈനായി അപേക്ഷിക്കാം. സെഷണൽ ഇംപ്രൂവ് ചെയ്ത വിദ്യാർത്ഥികൾ സർവകലാശാലയിൽ നേരിട്ട് അപേക്ഷിക്കണം.

## അപേക്ഷ ക്ഷണിക്കുന്നു

സർവകലാശാല കാര്യവട്ടം ക്യാമ്പസിലെ ജിയോളജി വിഭാഗത്തിലേയ്ക്ക് കരാറടിസ്ഥാനത്തിൽ ടെക്നിക്കൽ അസിസ്റ്റന്റിനെ നിയമിക്കുന്നു. ആപ്ലിക്കേഷനുകൾ സ്വീകരിക്കുന്ന അവസാന തീയതി ആഗസ്റ്റ് 4 വൈകിട്ട് 5 മണി വരെ. വിശദവിവരങ്ങൾ സർവകലാശാലയുടെ ജോബ് നോട്ടിഫിക്കേഷൻ എന്ന ലിങ്കിൽ ലഭ്യമാണ്.

## ഒന്നാം വർഷ ബിരുദ പ്രവേശനം – 2018
## എസ്.സി/എസ്.ടി. സ്പോട്ട് അലോട്ട്മെന്റ് ജൂലൈ 24–നും 26–നും.

2018–19–ലെ ഒന്നാം വർഷ ബിരുദ പ്രവേശനവുമായി ബന്ധപ്പെട്ട് ഒഴിവുള്ള എസ്.സി./എസ്.ടി. സീറ്റുകളിലേയ്ക്ക് മേഖലാതലത്തിൽ സ്പോട്ട് അലോട്ട്മെന്റ് നടത്തുന്നു. ആലപ്പുഴ മേഖലയിലുള്ള കോളേജുകളിൽ ഓപ്ഷൻ നൽകിയിട്ടുള്ള വിദ്യാർത്ഥികൾ ആലപ്പുഴ എസ്.ഡി.കോളേജിലും, തിരുവനന്തപുരം മേഖലയിലുള്ള കോളേജുകളിൽ ഓപ്ഷൻ നൽകിയിട്ടുള്ള വിദ്യാർത്ഥികൾ സർവകലാശാല സെനറ്റ് ഹാളിലും ജൂലൈ 26–ന് ഹാജരാകേണ്ടതാണ്. കൊല്ലം മേഖലയിലുള്ള കോളേജുകളിൽ ഓപ്ഷൻ നൽകിയിട്ടുള്ള വിദ്യാർത്ഥികൾ കൊല്ലം മുളങ്കടകം യു.ഐ.റ്റി സെന്ററിലും അടൂർ മേഖലയിലുള്ള കോളേജുകളിൽ ഓപ്ഷൻ നൽകിയിട്ടുള്ള വിദ്യാർത്ഥികൾ അടൂർ സെന്റ് സിറിൾസ് കോളേജിലും ജൂലൈ 24–ന് ഹാജരാകേണ്ടതാണ്.

രാവിലെ 9 മണി മുതൽ 11 മണി വരെ എസ്.സി./എസ്.ടി. വിദ്യാർത്ഥികൾ ഓൺലൈൻ അപേക്ഷയുടെ പ്രിന്റ് ഔട്ട് സഹിതം ഹാജരായി റിപ്പോർട്ട് ചെയ്യണം. നിലവിൽ കോളേജുകളിൽ പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾ സ്പോട്ട് അലോട്ട്മെന്റിൽ പ്രവേശനം ഉറപ്പായാൽ മാത്രമേ ടി.സി.വാങ്ങുവാൻ പാടുള്ളൂ. ഇതുവരെ പ്രവേശനം ലഭിക്കാതെ സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കാൻ വരുന്ന വിദ്യാർത്ഥികളുടെ കൈവശം യോഗ്യതയും ജാതിയും തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റുകൾ ഉണ്ടായിരിക്കണം. കോളേജും കോഴ്സും അലോട്ട് ചെയ്തു കഴിഞ്ഞാൽ യാതൊരു കാരണവശാലും മാറ്റം അനുവദിക്കുകയില്ല. രജിസ്ട്രേഷൻ സമയം (രാവിലെ 9 മുതൽ 11 മണി വരെ) കഴിഞ്ഞു വരുന്നവരെ ഒരു കാരണവശാലും പരിഗണിക്കുന്നതല്ല. ഓരോ മേഖലയിലും ഉൾപ്പെടുത്തിയിരിക്കുന്ന കോളേജുകളുടേയും അതത് കോളേജുകളിൽ ഒഴിവുള്ള സീറ്റുകളുടെയും വിശദവിവരം സർവകലാശാല വെബ്സൈറ്റിൽ (http://admissions.keralauniversity.ac.in) പ്രസിദ്ധീകരിക്കും.

രജിസ്ട്രേഷൻ സമയത്ത് റിപ്പോർട്ട് ചെയ്യുന്ന വിദ്യാർത്ഥികളിൽ നിന്നും സർവകലാശാല തയ്യാറാക്കുന്ന റാങ്ക് പട്ടികയുടെ അടിസ്ഥാനത്തിലാണ് പ്രവേശനം നടക്കുക. ഓൺലൈൻ രജിസ്ട്രേഷൻ ഇല്ലാത്തവരെ, ഓൺലൈൻ അപേക്ഷ സമർപ്പിച്ചിട്ടുള്ള എല്ലാവരേയും പരിഗണിച്ചതിന് ശേഷം മാത്രമേ അലോട്ട്മെന്റിൽ പരിഗണിക്കുകയുള്ളൂ.

അലോട്ട്മെന്റ് ലഭിച്ചാൽ ഉടൻ തന്നെ ഒടുക്കേണ്ടതായ പ്രവേശന ഫീസ് (840/– രൂപ) കൈയിൽ കരുതേണ്ടതാണ്. ഓൺലൈൻ രജിസ്ട്രേഷൻ ഇല്ലാത്ത വിദ്യാർത്ഥികൾക്ക് അഡ്മിഷൻ ലഭിക്കുകയാണെങ്കിൽ രജിസ്ട്രേഷൻ ഫീസായ 350/– രൂപയും ഒടുക്കേണ്ടതാണ്. ഇതിനായി കൂടുതൽ സമയം അനുവദിക്കുന്നതല്ല. നിലവിൽ കോളേജുകളിൽ പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾ കോളേജിൽ നിന്നും ലഭിച്ച തിരിച്ചറിയൽ കാർഡ്, ഓൺലൈൻ അപേക്ഷയുടെ പ്രിന്റൗട്ട് എന്നിവ നിർബന്ധമായും ഹാജരാക്കേണ്ടതാണ്. പ്രവേശന ഫീസായ 840/– രൂപ മുൻപ് ഒടുക്കിയിട്ടുള്ള വിദ്യാർത്ഥികൾ വീണ്ടും ഈ തുക

ഒടുക്കേണ്ടതില്ല. ആയതിനാൽ അവർ ഈ തുക ഒടുക്കിയ രസീതിന്റെ പകർപ്പ് നിശ്ചയമായും കൈവശം സൂക്ഷിക്കേണ്ടതാണ്.

## ഒന്നാം വർഷ ബിരുദ പ്രവേശനം 2018
## യു.ഐ.റ്റി/സ്വാശ്രയ കോളേജുകളിലെ പ്രവേശനം

കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള യു.ഐ.റ്റി./സ്വാശ്രയ കോളേജുകളിൽ പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ തങ്ങൾ ഓപ്ഷനായി (കോളേജും കോഴ്സും) നൽകിയിട്ടുള്ള യു.ഐ.റ്റി./സ്വാശ്രയ കോളേജുകളിൽ ഓൺലൈൻ അപേക്ഷയുടെ പ്രിന്റൗട്ട് ജൂലൈ 21 മുതൽ ജൂലൈ 24-നകം സമർപ്പിക്കേണ്ടതാണ്. 24-ാം തീയതി വരെ ലഭിക്കുന്ന അപേക്ഷകൾ പരിഗണിച്ച് സർവകലാശാല റാങ്ക് പട്ടിക തയ്യാറാക്കും. ഇത്തരത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് പട്ടികയുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട കോളേജുകളിൽ 31.07.2018 വരെ പ്രവേശനം നടക്കും. സർവകലാശാലയിലേക്ക് അപേക്ഷകൾ അയയ്ക്കേണ്ടതില്ല.

തിരുവനന്തപുരം.
21.07.2018



പബ്ലിക് റിലേഷൻസ് ഓഫീസർ